# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 504

05-07-2012 - ൽ മറുപടിക്ക്

## അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി. റ്റി. ബൽറാം : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിലെ ഗ്രാമങ്ങളിൽ പോലും ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ സ്ഥാപിച്ച് കൊണ്ട് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ സാധാരണക്കാർക്ക് ലഭ്യമാക്കാനുള്ള ഭാവനാപൂർണ്ണമായ ഒരു ഐടി പദ്ധതിയാണ് 2002-ൽ മലപ്പുറത്ത് പൈലറ്റ് പദ്ധതിയായി തുടങ്ങിയ അക്ഷയ. പിന്നീട് ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി. കമ്പ്യൂട്ടർ ഐ.ടി സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, ഇവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യമായ വിവരങ്ങളും സേവനങ്ങളും ജനങ്ങളുടെ കൈയെത്തും ദൂരത്ത് ലഭ്യമാക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും പുത്തൻ തൊഴിലവസരങ്ങളും നേരിട്ടും അല്ലാതെയും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അക്ഷയ പദ്ധതിവഴി നടത്തിവരുന്നതെന്ന് വിശദമാക്കുമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആധാർ പദ്ധതി കേരളത്തിൽ എല്ലാ ജില്ലകളിലും അക്ഷയയിലൂടെ നടപ്പിലാക്കി വരുന്നു. എസ്സ്.സി/എസ്സ്.ടി/ഒ.ബി.സി/ഒ.ഇ.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ ഗ്രാൻഡ് നൽകുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ/പുതുക്കൽ നടത്തി വരുന്നു. ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന 5 സെന്റിന് താഴെ ഭൂമിയുള്ള 2,30,000 കുടുംബങ്ങൾക്ക് ആം ആദ്മി ബീമാ യോജന (ആബി) പദ്ധതിയിൽ അംഗമാക്കുന്നതിനുള്ള രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി വരുന്നു.<br><br>18 നും 55 നും മദ്ധ്യേ പ്രായമുള്ള വിദേശത്ത് ജോലി ചെയ്യുന്ന/വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ /ഇൻഡ്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തിൽ ജോലി സംബന്ധമായി കുറഞ്ഞത് 6 മാസമായി താമസമാക്കിയ കേരളീയർക്ക് പ്രതിമാസ, ത്രൈമാസ, അർദ്ധവാർഷിക, വാർഷിക തവണകളായി അംശാദായം അടയ്ക്കുവാനുള്ള സൗകര്യം അക്ഷയ കേന്ദ്രം വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്നു. |

ഇലക്ട്രോണിക് ഡെലിവറി സർവീസിന്റെ ഭാഗമായി കണ്ണൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന ഇ-ഡിസ്ട്രിക്റ്റിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ 23 സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകുന്നു. ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടേയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതുക്കുന്നതിനും അക്ഷയ വഴി സൗകര്യമൊരുക്കിയിട്ടുണ്ട്.

ഇലക്ട്രിസിറ്റി, ടെലിഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ ഉപഭോക്താവിന് സമയനഷ്ടം കൂടാതെ അടയ്ക്കുവാനുള്ള ഇ-പേ സൗകര്യം അക്ഷയ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്നു.

പുതിയ റേഷൻ കാർഡിനും റേഷൻ കാർഡിൽ തിരുത്തൽ വരുത്തുന്നതിനും ഉള്ള അപേക്ഷ സ്വീകരിക്കൽ, വാറ്റ് റിട്ടേൺസ്, റെയിൽവേ ടിക്കറ്റുകൾ, വിമാന ടിക്കറ്റുകൾ, മണൽപാസ്, സ്പാർക്ക് ട്രെയിനിംഗ്, മലയാളം കമ്പ്യൂട്ടിംഗ് എന്നിവയും അക്ഷയ നടപ്പിലാക്കി വരുന്നു.

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ, എം.കോം തുടങ്ങിയ മാസ്റ്റർബിരുദ കോഴ്സുകൾ, ബി.സി.എ, ബി.കോം തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി, സി.ഐ.ടി തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരെഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കി വരുന്നു.

ഇന്റൽ ലേൺ, ഇൻസൈറ്റ്, ഇ-വിദ്യ, ഗ്രാമീണ ലേബർ പോർട്ടൽ അഥവാ ലേബർ ബാങ്ക് എന്നീ പദ്ധതികളും അക്ഷയ വഴി നടപ്പിലാക്കുന്നു.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനും സാധാരണക്കാർക്ക് ഐ.റ്റി.-യുടെ സേവനങ്ങൾ പരമാവധി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ? | (സി) അക്ഷയപദ്ധതിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. കൂടുതൽ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**